LIBRARY ARCHIVES Kerala Legislative Assembly

പേരാമ്പ്ര മണ്ഡലത്തിലെ സ്കൂളുകളിലെ ഒഴിവുകൾ

71 (5143) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര മണ്ഡലത്തിലെ വിവിധ സർക്കാർ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി, ഹൈസ്കൂൾ, അപ്പർ പ്രൈമറി, ലോവർ പ്രൈമറി സ്കൂൾ എന്നിവയിൽ നിലവിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ നിയമനം

72(5145) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള സർക്കാർ ഹൈസ്കൂൾ അസിസ്റ്റന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേരെ ഹെഡ്മാസ്റ്റർമാരായി സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുണ്ട് ; 2016 മാർച്ച് മാസം വിരമിക്കുന്നവരൊഴിച്ചാൽ ബാക്കി എത്രപേർ ഈ ലിസ്റ്റിൽ സ്ഥാനക്കയറ്റത്തിനായി ഉണ്ടാകും ; വ്യക്തമാക്കാമോ ;

(ബി) തൊട്ടടുത്ത ഹൈസ്കൂൾ അസിസ്റ്റന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ് ഏതു വർഷത്തെ നിയമനം അടിസ്ഥാനമാക്കിയാണ് തയ്യാറാക്കിയിട്ടുള്ളത് ; ഇതിൽ എത്ര പേരെ ഉൾപ്പെടുത്തിയിട്ടുണ്ട് ; വെളിപ്പെടുത്താമോ ;

(സി) ടെസ്റ്റ് യോഗ്യത നേടിയവരെ മാത്രം സ്ഥാനക്കയറ്റം നൽകി ഹെഡ്മാസ്റ്റർമാരായി നിയമിക്കുവാനുള്ള നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കാമോ ?

ഉത്തരം

(എ) നിലവിലെ ലിസ്റ്റിൽനിന്നും 1497 എ റാങ്ക് വരെ നിയമനം നടത്തിയിട്ടുണ്ട്. നിലവിൽ ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി അംഗീകരിച്ച ലിസ്റ്റിലുള്ള മുഴുവൻ പേരെയും നിയമിച്ചിട്ടുണ്ട്.